"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - മലപ്പുറം ജില്ലയിൽ 2025 ലെ പ്രകൃതിദുരന്തത്തിൽ പൂർണ്ണമായോ, ഭാഗീകമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 547 പേർക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കേണ്ട തുക (CMDRF വിഹിതം) ആകെ 96,12,500/- രൂപ മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി. ആർ. എഫ്- ബി) വകുപ്പ്**

സ.ഉ.(കൈ) നം.224/2026/RD തീയതി,തിരുവനന്തപുരം, 30-07-2026

---

പരാമർശം:-

1. സ.ഉ(കൈ) 1/2025/DMD തീയതി 09.01.2025
2. മലപ്പുറം ജില്ലാ കളക്ടറുടെ 10.11.2025 ലെ DCMPM/11932/2025-G3, 28.01.2026 ലെ DCMPM/11932/2025-G3, DCMPM/11932/2025-G3(1), 06.03.2026 ലെ DCMPM/11932/2025-G3(1), DCMPM/11932/2025-G3(2), DCMPM/11932/2025-G3(3), DCMPM/11932/2025-G3(4) എന്നീ നമ്പർ കത്തുകൾ.
3. മലപ്പുറം ജില്ലാ കളക്ടറുടെ 10.07.2026 ലെ DCMPM/11932/2025-G3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് പൂർണ്ണമായോ ഭാഗീകമായോ നാശനഷ്ടം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ തോതിന് ആനുപാതികമായി SDRF - ൽ നിന്നും CMDRF - ൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള സ്ളാബുകൾ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

(2) മലപ്പുറം ജില്ലയിൽ 2025 ൽ ഉണ്ടായ അതിശക്തമായ കാലവർഷത്തിൽ പൂർണമായോ, ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ & കളക്ടർ പുറപ്പെടുവിച്ച നടപടിക്രമങ്ങൾ പ്രകാരം അനുവദിക്കേണ്ട ആകെ CMDRF വിഹിതമായ 96,12,500/- രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ പരമർശം (2) പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിരുന്നു. കൂടാതെ പ്രസ്തുത ആറു നടപടിക്രമങ്ങളിലുമായി ഉൾപ്പെട്ടിട്ടുള്ള 547 ഗുണഭോക്താക്കൾക്കും ചേർത്ത് SDRF വിഹിതമായി ആകെ 19,532,500/- രൂപ അനുവദിച്ചിട്ടുള്ളതാണെന്ന് മലപ്പുറം ജില്ലാ കളക്ടർ തുടർന്ന് പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(3) ഇക്കാര്യം സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ 2025 ലെ പ്രകൃതിദുരന്തത്തിൽ പൂർണ്ണമായോ ഭാഗീകമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 547 പേർക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കേണ്ട തുക (CMDRF വിഹിതം) ആകെ 96,12,500/- (തൊണ്ണൂറ്റിയാറ് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) വിതരണത്തിനാവശ്യമായി വരുന്ന തുകയായ 96,12,500/- (തൊണ്ണൂറ്റിയാറ് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും, സ്വീകരിച്ച നടപടികൾ സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീവൻ ബാബു കെ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ദുരന്ത നിവാരണ (എ) വകുപ്പ്
പൊതുഭരണ (എസ്. സി) വകുപ്പ് ( 29.07.2026 ലെ മന്ത്രിസഭാ തീരുമാനം ഇനം. നം. 89 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Rakesh Paul
Date: 31-07-2026
12:03:42
സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി. എ. യ്ക്ക്
റവന്യൂ (ഡി. ആർ. എഫ്.-എ/ സി) വകുപ്പുകൾക്ക്.

രഹസ്യം

# കേരള സർക്കാർ
# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-07-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.-ബി1/13/2026/റവ. ഇനം നം : 89

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല - 2025-ലെ പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 547 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ ഖണ്ഡിക 4-ൽ പരാമർശിച്ചിട്ടുള്ള "202 പേരുടെ" എന്നത് "547 പേരുടെ" എന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
വി. ഡി. സതീശൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ്.



File No. REV-DRF-B1/13/2026-REV (Computer No. 3528031)

Generated from eOffice by DEEPAKUMARI R, ASO (DRF- B1) REV, ASO (DRF-B1) REV, Revenue Department on 31/07/2026 12:50 PM

89

**കേരള സർക്കാർ**
**(ശ്രീ. വി. ഡി. സതീശൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **റവ-ഡി.ആർ.എഫ്.-ബി1/13/2026-റവ.** |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി – മലപ്പുറം ജില്ല- 2025 ലെ പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീട്ടുകൾക്ക് നാശനഷ്ടം സംഭവിച്ച 547 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27.06.2026 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ<br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതെ<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ജീവൻ ബാബു കെ. . |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.07.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17.07.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എ. പി. അനിൽകുമാർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 22.07.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 24.07.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |



File No. REV-DRF-B1/13/2026-REV (Computer No. 3528031)

Generated from eOffice by DEEPAKUMARI R, ASO (DRF- B1) REV, ASO (DRF-B1) REV, Revenue Department on 31/07/2026 12:50 PM

1

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

മലപ്പുറം ജില്ലയിൽ 2025 ലെ പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 547 പേർക്ക് വിതരണം ചെയ്യുന്നതിനുള്ള ആകെ CMDRF വിഹിതമായ 96,12,500/- (തൊണ്ണൂറ്റാറ് ലക്ഷത്തി പന്ത്രണ്ടായിരത്തിയഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് പൂർണ്ണമായോ ഭാഗീകമായോ നാശനഷ്ടം സംഭവിച്ചവർക്ക് നാശനഷ്ടത്തിന്റെ തോതിന് ആനുപാതികമായി SDRF - ൽ നിന്നും CMDRF - ൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള സ്ലാബുകൾ അംഗീകരിച്ച് 09/1/2025 തീയതിയിലെ സ.ഉ(കൈ) 1/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ 2025 ൽ ഉണ്ടായ അതിശക്തമായ കാലവർഷത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ജില്ലാദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & കളക്ടർ പുറപ്പെടുവിച്ച നടപടിക്രമങ്ങൾ പ്രകാരം അനുവദിക്കേണ്ട ആകെ CMDRF വിഹിതമായ 96,12,500/- രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മലപ്പുറം ജില്ലാകളക്ടർ പ്രൊപ്പോസലുകൾ സമർപ്പിച്ചിരുന്നു.

3) മലപ്പുറം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ 6 നടപടിക്രമങ്ങൾ പ്രകാരം 547 ദുരന്തബാധിതർക്ക് അനുവദിക്കേണ്ട CMDRF വിഹിതം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No. | Proceedings No. & Date | No. of beneficiaries | CMDRF Allocation(₹) |
|---|---|---|---|
| 1 | DC/MLP/58/2024/ DM dt. 12.02.2026 | 100 | 12,60,000 |
| 2 | DC/MLP/59/2024 /DM dt.12.02.2026 | 212 | 21,18,500 |
| 3 | DC/MLP/57/2024 /DM dt.11.02.2026 | 76 | 42,70,000 |
| 4 | DC/MLP/64/2024 /DM dt.17.02.2026 | 93 | 7,67,500 |
| 5 | DC/MLP/35/2024/ DM dt.25.10.2025 | 44 | 1,54,000 |
| 6 | DC/MLP/8/2024 /DM dt.22.08.2025 | 22 | 10,42,500 |
| **ആകെ** | | **547** | **96,12,500** |

4) മലപ്പുറം ജില്ലയിൽ 2025 ലെ പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീട്ടുകൾക്ക് നാശനഷ്ടം സംഭവിച്ച 547 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി (CMDRF വിഹിതം) ആകെ 96,12,500/- (തൊണ്ണൂറ്റാറ് ലക്ഷത്തി പന്ത്രണ്ടായിരത്തിയഞ്ഞൂറ് രൂപാ മാത്രം) അനുവദിക്കുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ മുൻ ചീഫ് സെക്രട്ടറി ചുവടെ പറയും പ്രകാരം നിർദ്ദേശിച്ചു.

"മലപ്പുറം ജില്ലയിൽ 2025 ലെ പ്രകൃതി ദുരന്തത്തിൽ പൂർണ്ണമായോ ഭാഗീകമായോ നാശനഷ്ടം സംഭവിച്ച 202 പേരുടെ വീട്ടുകൾക്ക് സംസ്ഥാന ദുരന്ത

പ്രതികരണ നിധിയിൽ നിന്നും അനുവദിക്കേണ്ട വിഹിതമായ 1,95,32,500/- രൂപ അനുവദിച്ചിട്ടുണ്ടോയെന്ന കാര്യം ഉറപ്പുവരുത്തി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിയിൽ നിന്നുള്ള വിഹിതമായ 96,12,500/- രൂപ അനുവദിക്കുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്".

5) ബഹു.മുഖ്യമന്ത്രി ഇക്കാര്യം അംഗീകരിച്ചിട്ടുള്ളതാണ്.

6) ഇക്കാര്യത്തിൽ മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് വാങ്ങി പരിശോധിച്ചതിൽ ആറു നടപടിക്രമങ്ങളിലായി ഉൾപ്പെട്ടിട്ടുള്ള 547 ഗുണഭോക്താക്കൾക്കും ചേർത്ത് SDRF വിഹിതമായി ആകെ 19,532,500/- രൂപ അനുവദിച്ചിട്ടുള്ളതാണെന്ന് മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇപ്പോൾ നൽകിയിട്ടുള്ള പ്രൊപ്പോസൽ പ്രകാരം മലപ്പുറം ജില്ലയിൽ 2025 ലെ പ്രകൃതി ദുരന്തത്തിൽ പൂർണ്ണമായോ ഭാഗീകമായോ നാശനഷ്ടം സംഭവിച്ച ആകെ 547 പേരുടെ വീടുകൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിക്കേണ്ട വിഹിതമായ 1,95,32,500/- രൂപ അനുവദിക്കുന്നതിനായാണ് മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാകുന്നതാണ്.

7) ആകയാൽ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതു പ്രകാരവും, ബഹു.മുഖ്യമന്ത്രി ഉത്തരവായതു പ്രകാരവും മലപ്പുറം ജില്ലയിൽ 2025 -ലെ പ്രകൃതി ദുരന്തത്തിൽ, പൂർണ്ണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 547 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകേണ്ട (CMDRF വിഹിതം) ധനസഹായ തുകയായ ആകെ 96,12,500/- (തൊണ്ണൂറ്റാറ് ലക്ഷത്തി പന്ത്രണ്ടായിരത്തിയഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

## തീരുമാനിക്കേണ്ട വിഷയം

മലപ്പുറം ജില്ലയിൽ 2025 ലെ പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീട്ടകൾക്ക് നാശനഷ്ടം സംഭവിച്ച 547 പേർക്ക് വിതരണം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കേണ്ട (CMDRF വിഹിതം) ആകെ 96,12,500/- (തൊണ്ണൂറ്റാറ് ലക്ഷത്തി പന്ത്രണ്ടായിരത്തിയഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും മലപ്പുറം ജില്ലാകളക്ടർക്ക് അനുവദിക്കാവുന്നതാണോ ?





Generated from eOffice by DEEPAKUMARI R, ASO (DRF- B1) REV, ASO (DRF-B1) REV, Revenue Department on 31/07/2026 12:50 PM

**GOVERNMENT OF KERALA**
**(SHRI V. D. SATHEESHAN MINISTRY)**
**NOTE FOR THE COUNCIL OF MINISTERS**

| | | | |
|---|---|---|---|
| 1 | File No. | : | **REV-DRF-B1/13/2026-REV** |
| 2 | Department | : | Revenue (DRF -B) Department |
| 3 | Subject | : | CMDRF-Malappuram District- Sanctioning of Financial assistance from the Chief Minister's Relief Fund to 547 people who lost their houses completely or partially in the natural disasters occured in Malappuram district on 2025-Reg |
| 4 | Date of Chief Minister's order for placing before the Council | : | 27.06.2026 |
| 5 | (i) Does the case involve financialcommitments/ implications?<br><br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | :<br><br>: | Yes<br><br>No |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7 | Name of Special Secretary who submitted the Draft Note | : | Smt. Jayashree T. K. |
| 8 | Name of Special Secretary who approved the Draft Note | : | Shri. Jeevan Babu K. |
| 9 | Date of approval of the Draft Note for the Council by the Special Secretary | : | 17.07.2026 |
| 10 | Name of Chief Secretary who approved the Draft Note | : | Shri. Biswanath Sinha |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 17.07.2026 |
| 12 | Name of Minister who approved the Draft Note | : | Shri. A. P. Anilkumar |
| 13 | Date of approval of the Draft Note for the Council by the Minister | : | 22.07.2026 |
| 14 | Date of submission of fair copies | : | 24.07.2026 |
| 15 | Date of decision by the Council of Ministers | : | |
| 16 | Number and date of the G.O./letter communicating the decision. | : | |

**Note for Council of Ministers**

This note deals with the sanctioning of financial assistance of Rs.96,12,500/--(Ninety six lakh twelve thousand and five hundred rupees only) (Total CMDRF provision) from the Chief Minister's Distress Relief Fund to the 547 victims who lost their houses completely/partially in the natural disasters that occurred in Malappuram district on 2025.

2) The slabs for granting financial assistance from SDRF and CMDRF to families who lost their houses in natural disasters has been approved as per GO(Ms) 1/2025/DMD dated 09/01/2025. The District Collector, Malappuram has submitted proposals for sanctioning an amount of Rs.96,12,500/--(Ninety six lakh twelve thousand and five hundred rupees only) (Total CMDRF provision), from the Chief Minister's Distress Relief Fund along with the proceedings issued by the Chairperson, District Disaster Management Authority & the District Collector to distribute to the victims who lost their houses completely/partially during extremely heavy monsoon in the Malappuram district on 2025.

3) The details regarding the total CMDRF provision to be sanctioned for 547 beneficiaries involved in 6 proceedings as per the proposals submitted by the District Collector, Malappuram is given as per the table below:

| Sl. No. | Proceedings No. & Date | No. of beneficiaries | CMDRF Allocation(₹) |
|---|---|---|---|
| 1 | DC/MLP/58/2024/ DM dt. 12.02.2026 | 100 | 12,60,000 |
| 2 | DC/MLP/59/2024 /DM dt.12.02.2026 | 212 | 21,18,500 |
| 3 | DC/MLP/57/2024 /DM dt.11.02.2026 | 76 | 42,70,000 |
| 4 | DC/MLP/64/2024 /DM dt.17.02.2026 | 93 | 7,67,500 |
| 5 | DC/MLP/35/2024/ DM dt.25.10.2025 | 44 | 1,54,000 |
| 6 | DC/MLP/8/2024 /DM dt.22.08.2025 | 22 | 10,42,500 |
| | **Total** | **547** | **96,12,500** |

4) When the file was circulated for sanctioning Rs.96,12,500/- (Ninety six lakh twelve thousand and five hundred rupees only) as financial assistance from CMDRF to 547 people who lost their houses completely/partially in the natural disasters happened in Malappuram district on 2025, the former Chief Secretary has ordered that;

"The matter for sanctioning Rs.96,12,500/- from the Chief Minister's Distress Relief Fund may be submitted for consideration of the cabinet after

ascertaining whether Rs.1,95,32,500/- has been sanctioned from the State Disaster Response Fund for the houses of 202 people who were completely or partially damaged in the 2025 natural disaster in Malappuram District".

5) The Hon'ble Chief Minister has agreed to the proposal as above.

6) As per the orders above a report from the District Collector, Malappuram called for and the District Collector has reported that a total amount of Rs. 19,532,500/- has already been sanctioned as SDRF share for all 547 beneficiaries involved in six proceedings and this proposal is for sanctioning Rs.96,12,500/- (Ninety Six Lakh Twelve Thousand and Five Hundred Rupees only) as financial assistance from CMDRF to 547 people who lost their houses completely/partially in the natural disasters that happened in Malappuram district during 2025.

7) Hence, as clarified by the District Collector, Malappuram above and as ordered and agreed by the Hon'ble Chief Minister, it is submitted for consideration before the cabinet as to whether an amount of Rs.96,12,500/- (Ninety Six Lakh Twelve Thousand and Five Hundred Rupees only) may be sanctioned from the CMDRF (Total CMDRF provision) to 547 disaster affected victims, who lost their houses completely/partially in the natural disaster that occurred during 2025 in Malappuram District.

**Point for Decision**

Whether an amount of Rs. 96,12,500/- (Rupees Ninety six lakhs twelve thousand and five hundred only) as CMDRF share may be sanctioned to the District Collector, Malappuram from the Chief Minister's Distress Relief Fund for distributing 547 disaster affected victims, who lost their houses completely/partially in the natural disasters that occurred in Malappuram district during 2025 ?